# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 170

28.05.2019 ൽ മറുപടിക്ക്

## സൈബർ കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സൈബർ കേസുകൾ അന്വേഷിക്കുന്ന തിലേക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (എ) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേക്കായി തിരുവനന്തപുരത്ത് സൈബർ പോലീസ് സ്റ്റേഷനും സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തെ സഹായിക്കുന്നതിനായി എല്ലാ പോലീസ് ജില്ലകളിലും സൈബർ സെല്ലും, പോലീസ് ആസ്ഥാനത്ത് ഹൈടെക് സെല്ലും, കൂടാതെ ടെക്നോപാർക്കിൽ സൈബർ ഡോമും പ്രവർത്തിച്ചു വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനും വിദഗ്ധ പരിശീലനം നേടിയ സൈബർ സെല്ലിലെ ഉദ്യോഗസ്ഥർ അന്വേഷണത്തിൽ സഹായിക്കുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലെയും 3 പോലീസ് ഉദ്യോഗസ്ഥർക്കു വീതം സൈബർ കേസുകളുടെ അന്വേഷണവുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നൽകി വരുന്നുണ്ട്. കൂടാതെ സൈബർ സംബന്ധമായ കേസുകളുടെ അന്വേഷണത്തിനായി ആധുനിക സി.ഡി.ആർ അനലൈസിംഗ് സോഫ്റ്റ് വെയർ ആയ Advik, C-5, സൈബർ ഫോറൻസിക് സോഫ്റ്റ് വെയർ ആയ Cyber check suit, Mobile check suit, win lift, Encase, Sim Extractor എന്നീ സോഫ്റ്റ് വെയറുകളുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണഭാഗമായി ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനായി Digital Forensics, ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾ, ഐ.പി.വിലാസ ശേഖരണം, Geo Location Tracing, Local Service Provider Identification എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം Electronic |

Gadget based data retrieval മാർഗ്ഗങ്ങളും ഉപയോഗിച്ചുവരുന്നു. സൈബർ സെൽ രൂപീകരിച്ച് ശക്തമായ ഇന്റർനെറ്റ് പട്രോളിംഗ് (Internet Patrolling) നടത്തിവരുന്നു. അതുവഴി ശ്രദ്ധയിൽപെടുന്ന നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് നിലവിൽ 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ച് വരുന്നു. കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ച സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. കൂടാതെ ഗുരുതര സ്വഭാവമുള്ള സൈബർ കുറ്റകൃത്യങ്ങൾ, രാജ്യാന്തര സ്വഭാവമുള്ള സൈബർ കുറ്റകൃത്യങ്ങൾ, കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ, ഇന്റർനെറ്റ് സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ഭീകര പ്രവർത്തനങ്ങൾ, മത തീവ്രവാദ പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനും നിരീക്ഷിക്കുന്നതിനുമായി തിരുവനന്തപുരത്ത് ടെക്നോപാർക്ക് കേന്ദ്രീകരിച്ച് സൈബർ ഡോമും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതിന് സഹായകമായി അത്യാധുനിക ഫോറൻസിക് ലാബുകൾ സ്ഥാപിക്കണമെന്ന് ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആരുംതന്നെ നിവേദനം നൽകിയിട്ടില്ല.

(സി) ഇത്തരം ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് അറിയിക്കുമോ;

(സി) നിലവിൽ സൈബർ കേസുകളുടെ അന്വേഷണത്തിന് സഹായകരമായി തിരുവനന്തപുരത്തെ സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിലും കൂടാതെ, തൃശ്ശൂർ, കണ്ണൂർ, കൊച്ചി എന്നീ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലും സൈബർ ഡിവിഷൻ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇവ എന്നത്തേയ്ക്ക് സ്ഥാപിക്കുമെന്നും വ്യക്തമാക്കാമോ?

(ഡി) ബാധകമല്ല.

സെക്ഷൻ ഓഫീസർ